പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5867

09.07.2012- ലെ മറുപടിക്ക്

കയർമേഖലയിലെ തൊഴിൽ ദിനങ്ങൾ

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ സഹകരണ സംഘങ്ങളിലുള്ള തൊഴിലാളികൾക്കും പരമ്പരാഗത കയർ തൊഴിലാളികൾക്കും ആഴ്ചയിൽ എല്ലാ ദിവസവും ജോലി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കയർ സഹകരണ സംഘങ്ങളിലുള്ള തൊഴിലാളികൾക്കും പരമ്പരാഗത കയർ തൊഴിലാളികൾക്കും പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 210 രൂപയെങ്കിലും കൂലി ലഭിക്കണമെന്ന രീതിയിൽ സർക്കാർ വിഹിതവും കൂടി നൽകി ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. **ഉല്പന്ന മേഖലയിലെ തൊഴിലാളികൾക്കും** കുറഞ്ഞത് 285/- രൂപ നടപ്പിലാക്കി വരുന്നു. കൂടാതെ, നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ചതു പ്രകാരം പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കും അവരുടെ സംഘത്തിന്റെ ആവശ്യത്തിനായുള്ള ചകിരി ഉല്പാദനത്തിനായി അവരുടെ ജോലിയിൽ വിഘ്നം വരാത്ത രീതിയിൽ തൊണ്ട് സംഭരണത്തിൽ ഭാഗഭാക്കാ കാവുന്നതാണ്. ഇത് അവർക്ക് കൂടുതൽ വേതനം നേടാൻ സാഹചര്യമൊരുക്കിയിട്ടുമുണ്ട്. കൂടാതെ, 2011-12 വർഷം 389 സംഘങ്ങൾക്ക് 9,54,73,406/- രൂപ പ്രവർത്തന മൂലധനവും നൽകിയിട്ടുണ്ട്. |
| (ബി)കയറുല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻഎന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ? | (ബി) കയറുല്പന്നങ്ങളുടെ കയറ്റുമതി ഉൾപ്പെടെ വിപണനം പ്രോത്സാഹിപ്പിക്കുവാൻ കഴിഞ്ഞ 2 വർഷങ്ങളിൽ 'കയർ കേരള' എക്സിബിഷൻ സംഘടിപ്പിച്ചിരുന്നു. ഈ വർഷവും കയർ കേരള സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല, ആഭ്യന്തര-വിദേശ ഫെയറുകളിൽ പങ്കെടുത്ത് കൂടുതൽ ഓർഡറുകൾ നേടാനും സാഹചര്യമൊരുക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ